# ACADEMIC MASTERPLAN

മേഖല : യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും സംസാരിക്കാനും അവസരം ഒരുക്കുന്നു | Follow me if you can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു.<br><br>Answer me<br>നിത്യജീവിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകാനുള്ള പരിശീലനം നൽകുന്നു.<br><br>Find out the secret<br>ഓരോ കുട്ടിക്കും വ്യത്യസ്ത വസ്തുക്കളുടെ പേരെഴുതിയ നറുക്കുകൾ നൽകുന്നു. വ്യത്യസ്തമായ രീതിയിൽ അവയെ വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ | ജൂൺ<br><br>ജൂൺ/ ജൂലായ് | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | കഥാപാത്രങ്ങളായി ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br><br>I Too Can<br>ക്ലാസിൽ വ്യത്യസ്തതലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കാനുള്ള അവസരം നൽകുന്നു.<br><br>Sign boards<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നിർദ്ദേശങ്ങൾ, നോട്ടീസുകൾ എന്നിവ സ്കൂളിലും ക്ലാസിലും പ്രദർശിപ്പിക്കുന്നു.<br><br>My Vocabulary book<br>ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പുതിയ വാക്കുകൾ ഉൾപ്പെടുത്തി വാക്യങ്ങൾ ഉണ്ടാക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. | | | |

Magazine

കുട്ടികളുടെ കലാസൃഷ്ടികൾ ഉൾ-പ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കു-ന്നു.

Funtime.

കടംകഥകൾ, കുസൃതിചോദ്യങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും ക്ലാസിൽ അവതരിപ്പിക്കുന്നതിനും അവസരം നൽകുന്നു.

## SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട്- ക്വിസിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. ഓർമച്ചെപ്പ് - അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സ്ഥലനാമങ്ങൾ - memory Test. | അക്കാദമിക അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കൽ | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ Video പ്രദർശനത്തിലൂടെ കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം ഉൾപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങേറുന്ന ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4 പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കും | പ്രകൃതി താണ്ഡവം - നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration Class സംഘടിപ്പിക്കുകയും കുട്ടികളെ ബോധവാന്മാരാക്കു… | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| (5) സഹജീവികളോടുള്ള ... ഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6 വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ്സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | S-S - ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ റോഡ് സുരക്ഷ, സൈബർ ക്രൈം — എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| (7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 8) സാമൂഹ്യ ശാസ്ത്രവിഷയങ്ങളിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തരാക്കും വിധം മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉള്ളടക്കങ്ങൾ ഉൾപ്പെടുന്ന ചോദ്യോത്തര വേദികൾ, ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| 9 ഗ്രാമങ്ങളും നഗരങ്ങളും - അവയുടെ പ്രകൃതി സൗന്ദര്യങ്ങളും ചിത്രീകരിക്കുക | ഗ്രാമ-നഗര പ്രദേശങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ | ജൂൺ | സോഷ്യൽ സയൻസ് അധ്യാപകർ | |
| 10 ഭക്ഷ്യമേളകളുടെ പ്രത്യേകതകൾ പ്രതിപാദിക്കുക | ഭക്ഷ്യമേള - കുട്ടികളുടെ പരിസരത്തു നിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് ഭക്ഷണം തയ്യാറാക്കി ക്ലാസിൽ കൊണ്ടുവരുന്ന വിഭവങ്ങളുടെ വിവരണം - പങ്കിട്ടെടുക്കൽ | ജൂൺ | സോഷ്യൽ സയൻസ് അധ്യാപകർ. | |
| സ്വാതന്ത്ര്യവും നീതിപൂർവ്വവുമായ തിരഞ്ഞെടുപ്പ് രീതി മനസ്സിലാക്കുന്നതിന് | School. parliament - തിരഞ്ഞെടുപ്പ് - തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ പാലിച്ചുകൊണ്ട് വിദ്യാലയത്തിൽ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നു. | ജൂലൈ | സോഷ്യൽ സയൻസ് അധ്യാപകർ | |
| വസ്ത്ര നിർമ്മാണ രീതിയെക്കുറിച്ച് മനസ്സിലാക്കുക | കൈത്തറി കേന്ദ്രം - സന്ദർശനം. പ്രദേശത്തെ ഏതെങ്കിലും കൈത്തറികേന്ദ്രം സന്ദർശിച്ച് അവിടുത്തെ വസ്ത്ര നിർമ്മാണ രീതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | |

# യു. പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>→ വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>→ ക്ലാസിലെ കണക്കിലെ മിടുക്കരായ കുട്ടികളെ ഉൾപ്പെടുത്തി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ<br>ജൂൺ | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷിയുടെ വികാസവും. | ഒറിഗാമി ശില്പശാല<br>→ ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധരൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം<br>→ അത്തപ്പൂക്കള മാതൃക ജ്യാമിതിയ പാറ്റേണിലൂടെ തയ്യാറാക്കൽ. | ജൂലൈ<br>ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| 3) ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ്<br>വിദ്യാലയത്തിലെ ഒരു മുറിയിലോ അല്ലെങ്കിൽ ക്ലാസ്മുറിയുടെ ഒരു മൂലയിലോ ഗണിതലാബ് സജ്ജമാക്കൽ | ആഗസ്റ്റ് | ക്ലബ്ബ് അംഗങ്ങൾ | |
| 4) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ആഗസ്റ്റ് -സെപ്തംബർ | അധ്യാപകർ PTA | |
| 5) ഗണിതമേളയിൽ കുട്ടികളുടെ തത്പര്യം വർധിക്കാൻ | ഗണിത ശില്പശാല<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ഉപയോഗിച്ച് ഗണിത മേളകൾക്ക് വേണ്ടി കുട്ടികളെ തയ്യാറാക്കൽ | ഒക്ടോബർ | | |
| 6) | ഗണിത ലൈബ്രറി<br>ക്ലാസ്മുറിയിൽ ഗണിതപഠനത്തിനു സഹായകമാകുന്ന ബുക്കുകൾ, ജേണലുകൾ, പത്രമാധ്യമങ്ങൾ, എന്നിവ ഉപയോഗിച്ച് ഗണിത ലൈബ്രറി തയ്യാറാക്കൽ | നവംബർ | അധ്യാപകർ ഗണിതക്ലബ്ബ്. | |

| | | | | |
|---|---|---|---|---|
| 6) ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി എളുപ്പത്തിൽ കുട്ടികളിലേയ്ക്ക് എത്തിക്കാൻ കഴിയുന്നു.<br>→ ജിയോജിബ്ര ഉപയോഗിച്ച് അതിന്റെ വ്യത്യസ്ത സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനഭാഗങ്ങൾ ക്രമീകരിക്കുന്നു. | ആവശ്യാനുസരണം | ഗണിതാധ്യാപകർ<br>ഐ.ടി. ലാബ് | |
| 7) വിവിധശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട പ്രവർത്തനം - SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 8) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിയ്ക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.<br>ഗണിതകേളി, വേദിക് മാത്സ്<br>ഗണിതക്രിയകൾ എളുപ്പത്തിൽ മനക്കണക്കായി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകർ<br>സമർത്ഥരായ വിദ്യാർത്ഥികൾ. | |
| | ഫീൽഡ് ട്രിപ്പ്<br>ഗണിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു. | വർഷത്തിൽ ഒരിക്കൽ (ജനുവരി) | ഗണിത ക്ലബ്ബ് | |

യു.പി. ഹിന്ദി അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| V, VI, VII ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ. അഞ്ചാം ക്ലാസ്സ് മുതൽ ഹിന്ദി പഠനം ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടുന്നതിനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. ഗാനചര്യത്തോടെ പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുക. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, ചിഹ്നങ്ങൾ എന്നിവ കാണിച്ച് അക്ഷരങ്ങൾ പഠിപ്പിക്കുക. സിഡിയിൽ അക്ഷര രചന കാണിക്കുക എന്നീ പ്രവർത്തനങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ, രക്ഷിതാക്കൾ | |
| ഹിന്ദി വായന:- തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ചും, അക്ഷരങ്ങൾ ചേർത്ത് വെച്ച് വാക്കുകൾ നിർമ്മിക്കാൻ സാധിക്കുന്ന പസ്സിൽ പോലുള്ള കളികളിലൂടെയും കുട്ടികളെ വായനയിലേയ്ക്ക് ആകർഷി | | | |

| ലക്ഷ്യം | | | | |
|---|---|---|---|---|
| | അതിന്റെ സിഡി കാട്ടി ഹിന്ദിയിൽ ഉച്ചരിക്കുന്ന വിധത്തിലുള്ളവ കാണിക്കാം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | SSA, BRC |
| 3. ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കാനും നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുമുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം പരമാവധി ക്ലാസ്സിൽ ഉപയോഗിക്കും കുട്ടികളോട് അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ തന്നെ മറുപടി പറയാൻ കഴിയുന്നത് വരെ തുടർച്ചയായി ക്ലാസ്സിൽ പരിശീലനം നൽകും.<br>മത്സര വായന നടത്തും കുട്ടികൾ തെറ്റാതെ അവർ ഞാനവില്ലാതെ പാസില്ലാതെ കൂട്ടുകാർ വരി വായിക്കണം. കൂട്ടുകാർ ആംഗ്യത്തോടെ വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ, ക്ലാസ്സ് ഗ്രൂപ്പുകൾ, ഹിന്ദി ക്ലബ് | PTA, അധ്യാപകർ. |

അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഫോറസ്ട്രി ക്ലബ് | രക്ഷിതാക്കൾ |
| | പരീക്ഷണ കളരി –<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്. | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രീയ പഠനങ്ങൾ കൈകാര്യം ചെയ്യാൻ കഴിവ് വർധിപ്പിക്കുക- | മാസ്റ്റർ മൈൻഡ്<br>ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ അറിവുത്സവത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് തയ്യാറാക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | എക്സ്പ്ലോ - എക്സ്പ്ലോർ<br>ആധുനിക - ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പ്രദർശനങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | പി.ടി.എ സയൻസ് ക്ലബ്. |
| | യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിന് ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | | | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിന് ഉപയോഗിക്കുക. | വിസ്മയയാത്ര -<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രസത്യങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ നൽകുന്ന വീഡിയോ പ്രദർശനം. | | | |

6. പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂന്നുവർഷത്തിനുള്ളിൽ ദുർബല സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് പ്രദാനം ചെയ്യുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |
| | മേഖല ബി. പി മലയാളം | | | |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പഠനത്തിന് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം :- പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ,കവിത യാത്രാനുഭവം, അനുഭവക്കുറിപ്പ്] അവതരിപ്പിക്കുന്നു | ജൂൺമാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി :- അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ചൊല്ലിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് :- അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളും പ്രയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺമാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ശീലം വളർത്തുക. | വാർത്താവലോകനങ്ങൾ :- പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പത്രികയിലെ ശേഷി ഉയർത്തുകയും ഉച്ചാരണശുദ്ധി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | വാർത്താവായന :-<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്കൂളിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം / അഭിമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എഴുത്തും സർഗ്ഗാത്മക ശേഷി വളർത്തലും | ഇ- കമ്പ്യൂട്ടിംഗ്<br>വിദ്യാർത്ഥികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | പി.ടി.എ ഐ.ടി അധ്യാപകർ | പി.ടി.എ |
| | വിദ്യാർത്ഥി പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

ലക്ഷ്യം

| | | | | |
|---|---|---|---|---|
| 5) പഠിതാക്കളിലെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം :- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചെറുകഥകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ദ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി ആലംപാടി എഫ്.എം അവതരണ മികവ്. | ആലംപാടി എഫ്.എം വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരിക്കൽ | ക്ലാസ് ലീഡർമാർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.ടി.എ |

## അറബിക്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാകുട്ടികളെയും മികച്ച വായനക്കാരാക്കുക. | അവസ്ഥാപഠനം. | കുട്ടികളുടെ നിലവിലുള്ള അവസ്ഥയെ വിശകലനം ചെയ്ത് കുട്ടികളെ മനസ്സിലാക്കുക. | ജൂൺ<br>ജൂലൈ | | |
| | വിശകലനം : | വ്യക്തിപരമായി കുട്ടി മനസ്സിലാക്കി വായനാനിലവാരം മനസ്സിലാക്കുക. | | അധ്യാപകർ | |
| | വായനാസാമഗ്രികൾ ശേഖരിക്കൽ : | വൈവിധ്യമാർന്ന വായനാ കാർഡുകളും, കുട്ടികൾക്ക് ആകർഷണം തോന്നുന്ന കുഞ്ഞ് പുസ്തകങ്ങളും. ശേഖരിക്കൽ. | to | എസ്.ആർ.ജി | |
| | തുടർവായന : | വൈവിധ്യമായ വായനാസാമഗ്രികൾ പ്രയോജനപ്പെടുത്തി വായനയുടെ മാധുര്യത്തിലേക്ക് നടക്കാൻ സൗകര്യം നൽകൽ | മാർച്ച്. | | |
| | ആശയപ്രകാശനം : | വായനയിലൂടെ നേടിയ കുഞ്ഞറിവുകൾ കൂട്ടുകാരുമായി പങ്കുവയ്ക്കൽ. | | അറബിക് ക്ലബ്. | |
| ആശയവിനിമയ ശേഷി ഉയർത്തൽ. | ശേഖരണം, പഠനം. | I C T സാധ്യത പ്രയോജനപ്പെടുത്തി കുട്ടികളെ ആശയവിനിമയ ലോകത്തേക്ക് കൈപിടിച്ചുയർത്തുക. | | ജൂൺ<br>-<br>മാർച്ച്. | |

| | | | | |
|---|---|---|---|---|
| അന്താരാഷ്ട്ര ദിനങ്ങളും പ്രത്യേകതകളും അതിന്റെ പ്രാധാന്യവും കുട്ടികളിലേക്ക് എത്തിക്കുക. | യൂണിറ്റ് തല വിഷയങ്ങൾ നിർമ്മാണം.<br>ഓരോ യൂണിറ്റ് തലത്തിൽ വരുന്ന അറിവും സംഗ്രഹം എഴുതുകയും, "അത്" പ്രദർശനത്തിന് വരുന്ന പുസ്തകമായി സൂക്ഷിക്കുകയും ചെയ്യുന്നു. | ജൂൺ - മാർച്ച്. | അദ്ധ്യാപകർ, SMC, P.T.A അംഗങ്ങൾ, സന്നദ്ധപ്രവർത്തകർ. | |
| കുട്ടികൾക്ക് അവരുടെ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും, അവരുടെ കഴിവുകൾ കണ്ടെത്തുന്നതിനും. | സ്കൂൾ റേഡിയോ.<br>കഥ പറച്ചിൽ.<br>കവിതാലാപനം.<br>വാർത്തകൾ അവതരിപ്പിക്കൽ. | ജൂൺ - മാർച്ച് | | |
| ഡിജിറ്റൽ ഡോക്യുമെന്റേഷൻ പരിചയപ്പെടുത്തൽ. | പാഠപുസ്തകത്തിൽ പരിചയപ്പെടുത്തിയിരിക്കുന്ന ഡിജിറ്റൽ മീഡിയകൾ വഴി അഭിരുചി തിരിച്ചറിഞ്ഞ്, അതിന്റെ സാധ്യത മനസ്സിലാക്കുന്നതിനും, തന്റെ അഭിരുചി തിരിച്ചറിഞ്ഞ് അതിന്റെ തൊഴിൽ മേഖലകൾ കണ്ടെത്തി പോകാനും കുട്ടി പ്രാപ്തനാകുന്നതിന്. | ജൂൺ മാർച്ച്. | | |